ഭരണഭാഷ-മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**
**dtekerala@gmail.com**
**0471 2561307**

മേലെഴുത്ത് നം.**EA2/8623/2025/DTE** **02-10-2025**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ ഗാന്ധിജയന്തി ദിനമായ ഒക്ടോബർ **2** മുതൽ **15** വരെ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം നടത്തുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിന്റെ പകർപ്പ് തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

**JAYAPRAKASH P**
**DIRECTOR**

പകർപ്പ്
വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും

Signed by
Jayaprakash P
Date: 02-10-2025 13:14:18

അടിയന്തരം



HIGHER EDUCATION DEPARTMENT
27 SEP 2025
GOVT. SECRETARIAT TVM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.എഫ്2/64/2025/പജപവവിവ
പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 25-09-2025

SS & HE

## സർക്കുലർ

വിഷയം:- പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്-സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം-2025-പരിപാടികൾ സംഘടിപ്പിക്കുന്നത്-വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നത്-സംബന്ധിച്ച്

സൂചന:- ബഹു.വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 22.09.2025 തീയതിയിലെ 819/2025/M (SC,ST&BCDD) നമ്പർ കുറിപ്പ്

JS(K)
26/9/25

എല്ലാ വർഷവും ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ 16 വരെ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിൽ മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം നടത്തി വരുന്നു. ഈ വർഷത്തെ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം 2025 ഒക്ടോബർ 2 മുതൽ 15 വരെ വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. "**കുതിച്ചുയരാം അറിവിലേയ്ക്കും തൊഴിലിലേയ്ക്കും**" എന്നതാണ് ഈ വർഷത്തെ മുദ്രാവാക്യം.

മേൽ സാഹചര്യത്തിൽ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി ശുചിത്വ ക്യാമ്പയിൻ, തൊഴിൽ ക്യാമ്പയിൻ, ലഹരിക്കെതിരെയുള്ള പ്രചരണം, മെഡിക്കൽ ക്യാമ്പുകൾ, വിദ്യാഭ്യാസം, തൊഴിൽ മേള, പരിസരശുചിത്വവും, പ്രകൃതിസംരക്ഷണവും, ലോകആവാസദിനം, വനാവകാശം, പട്ടികജാതി പട്ടികവർഗ്ഗഅതിക്രമം തടയൽ നിയമം സംബന്ധിച്ച ബോധവൽക്കരണം, ഐശ്വര്യഗ്രാമം പദ്ധതി ആരംഭം, ഉന്നതികളിലെ ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ശില്പശാല, തുടങ്ങി വിവിധങ്ങളായ പരിപാടികൾ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുകളുടെ നേതൃത്വത്തിൽ ചുവടെ ചേർക്കുന്ന വകുപ്പുകളുടെ പങ്കാളിത്തത്തോടെ നടത്തുന്നതാണ്. ആയതിലേയ്ക്കായി ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

1. തദ്ദേശ സ്വയംഭരണ വകുപ്പ്
2. പൊതു വിദ്യാഭ്യാസ വകുപ്പ്
3. ഉന്നത വിദ്യാഭ്യാസ വകുപ്പ്
4. റവന്യൂ വകുപ്പ്
5. ശുചിത്വ മിഷൻ
6. ആരോഗ്യ വകുപ്പ്
7. വ്യവസായ വകുപ്പ്
8. എക്സൈസ് വകുപ്പ്
9. കൃഷി വകുപ്പ്

10.പരിസ്ഥിതി വകുപ്പ്
11. കുടുംബശ്രീ മിഷൻ
12. എസ്.എസ്.കെ
13. ആഭ്യന്തര വകുപ്പ്
14. സാമൂഹ്യ നീതി വകുപ്പ്
15. കിർത്താഡ്സ്
16. MGNREGS - തൊഴിലുറപ്പ് മിഷൻ
17. ODEPC

ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

ബന്ധപ്പെട്ട എല്ലാ വകുപ്പ സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്/പൊതു വിദ്യാഭ്യാസ വകുപ്പ്/ഉന്നത വിദ്യാഭ്യാസ വകുപ്പ്/കൃഷി വകുപ്പ്/ആരോഗ്യ വകുപ്പ്/വ്യവസായ വകുപ്പ് / എക്സൈസ് വകുപ്പ്/ആഭ്യന്തര വകുപ്പ്/സാമൂഹ്യ നീതി വകുപ്പ്/റവന്യൂ വകുപ്പ്/പരിസ്ഥിതി വകുപ്പ്
എല്ലാ ജില്ലാകളക്ടർമാർക്കും
ബന്ധപ്പെട്ട എല്ലാ വകുപ്പ് തലവൻമാർക്കും/സ്ഥാപന മേധാവികൾക്കും (തദ്ദേശ സ്വയം ഭരണ വകുപ്പ്/പൊതു വിദ്യാഭ്യാസ വകുപ്പ്/ഉന്നത വിദ്യാഭ്യാസ വകുപ്പ്/ശുചിത്വ മിഷൻ/ആരോഗ്യ വകുപ്പ്/വ്യവസായ വകുപ്പ്/എക്സൈസ് വകുപ്പ്/കൃഷി വകുപ്പ്/കുടുംബശ്രീ മിഷൻ/എസ്.എസ്.കെ/ആഭ്യന്തര വകുപ്പ്/സാമൂഹ്യനീതി വകുപ്പ്/കിർത്താഡ്സ്/തൊഴിലുറപ്പ് മിഷൻ/ODEPC
വെബ്&ന്യൂമീഡിയ (സർക്കാർ വെബ് സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Anju K.R
സെക്ഷൻ ഓഫീസർ.

## സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണം – 2025

### ഒക്ടോബർ 2 മുതൽ

**2025 ഒക്ടോബർ 2**

സംസ്ഥാനതല ഉദ്ഘാടനം: ബഹു മുഖ്യമന്ത്രി

കാസറഗോഡ്, കാഞ്ഞങ്ങാട് ടൗൺഹാളിൽ നിർവഹിക്കും.

**ശുചിത്വ ക്യാമ്പയിൻ**

- സ്ഥാപന ശുചിത്വം – വകുപ്പിന്റെ കീഴിലെ മുഴുവൻ സ്ഥാപനങ്ങളിലും

**തൊഴിൽ ക്യാമ്പയിൻ**

- പ്രവർത്തന പരിപാടിയുടെ പ്രകാശനം – 5000 പേർക്ക് തൊഴിൽ
- തൊഴിൽ/ഇന്റേൺഷിപ്പ് നൽകൽ – 2500 പേർക്ക് പ്രമോട്ടർ, അക്രഡിറ്റഡ് എഞ്ചിനീയർ, സോഷ്യൽ വർക്കർ, വിജ്ഞാനവാടി കോ-ഓർഡിനേറ്റർ എന്നി ഇന്റേൺഷിപ്പും, 2500 പേർക്ക് വിജ്ഞാനകേരളം മുഖേന സ്ഥിരം തൊഴിലും. ഇതിൽ കാസറഗോഡ് ജില്ലയിലെ ഇന്റേൺഷിപ്പുകാർക്ക് വേദിയിൽവെച്ച് ഉത്തരവ് കൈമാറും
- പട്ടികവർഗ്ഗ മേഖലയിലെ പട്ടയം കൈവശ രേഖ വിതരണം
- ഗോത്ര സമൃദ്ധി (Tribal Plus) മികച്ച പഞ്ചായത്ത് അവാർഡ് വിതരണം

**2025 ഒക്ടോബർ 3**

**ലഹരിക്കെതിരെ**

- എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരിവിരുദ്ധ പരിപാടികൾ സംഘടിപ്പിക്കണം.
- സേവ് ക്ലബ്ബുകൾ ശക്തിപ്പെടുത്തണം.
- ലഹരിവിരുദ്ധ ക്യാമ്പുകൾ സംഘടിപ്പിക്കണം.
- വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ പ്രതിജ്ഞ എടുക്കണം.

**2025 ഒക്ടോബർ 4**

**ആരോഗ്യം**

- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും പട്ടികജാതി-പട്ടികവർഗ്ഗ മേഖലകൾ കേന്ദ്രീകരിച്ച് മെഡിക്കൽ/ആയുർവേദ/നേത്ര/ദന്ത ക്യാമ്പുകൾ
- ജീവിതശൈലി രോഗ നിർണ്ണയ ക്യാമ്പുകൾ – ആയുഷ് മിഷൻ മുഖേന
- 60 വയസ്സിനുമേൽ പ്രായമുള്ളവർക്കുള്ള കൗൺസിലിംഗ്

**2025 ഒക്ടോബർ 5**

**വിദ്യാഭ്യാസം**

- പഠനം പാതിവഴിയിൽ മുടങ്ങിയ കുട്ടികളെയും ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നും കോഴ്സ് പൂർത്തിയാക്കാതെ പഠനം അവസാനിപ്പിച്ച കുട്ടികളേയും കണ്ടെത്തി പഠന പൂർത്തീകരണത്തിന് സാഹചര്യമൊരുക്കണം. (പ്രമോട്ടർ, SCDO/TEO/Asst.TDO/Asst. SCDO)
- ഈ വിഷയവുമായി ബന്ധപ്പെട്ട് മൂന്നു വർഷത്തെ വിവരശേഖരണം നടത്തണം.
- ഈ ലക്ഷ്യത്തിനായി ഫിനിഷിംഗ് സ്കൂൾ ശക്തിപ്പെടുത്തണം.
- ലക്ഷ്യസാക്ഷാത്കാരത്തിനായി പ്രവർത്തിക്കുന്ന വ്യക്തികളേയും സംഘടനകളേയും സഹകരിപ്പിച്ച് യജ്ഞം പൂർത്തിയാക്കണം.
- 5, 6 ക്ലാസുകളിലെ കുട്ടികൾക്കായി ബ്രിഡ്ജ് കോഴ്സ് സംഘടിപ്പിക്കണം.
- കമ്മ്യൂണിറ്റി കോളേജ് കോഴ്സുകളാരംഭിക്കണം
- തോന്നയ്ക്കൽ MRS ക്ലാസ് 5 ആരംഭിക്കണം
- പഠനമുറി, പട്ടികവർഗ്ഗ സ്മാർട്ട് പഠനമുറി – എന്നിവയുടെ ഒന്നാംഗഡു വിതരണം

**2025 ഒക്ടോബർ 6**

**ലോക ആവാസദിനം**

- ബയോ ഡൈവേഴ്സിറ്റി – പച്ചത്തുരുത്ത് നിർമ്മാണം – MRS, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, ഐടിഐകൾ
- പരിസര ശുചിത്വവും പ്രകൃതി സംരക്ഷണവും
- എല്ലാ പട്ടികജാതി ഗ്രാമങ്ങളിലും
- എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും
- എല്ലാ വിജ്ഞാനവാടികളിലും ശുചിത്വപ്രവർത്തനം.
- ടോയ്‌ലറ്റ് ഇല്ലാത്ത എല്ലാ വീടുകൾക്കും 2025 മാർച്ച് മാസത്തിനുള്ളിൽ ടോയ്‌ലറ്റ്
- എല്ലാ സാമൂഹ്യ പഠനമുറികൾക്കും ടോയ്‌ലറ്റ്
- എല്ലാ വിജ്ഞാനവാടികൾക്കും ടോയ്‌ലറ്റ്
- ശുചിത്വം – മികച്ച സ്ഥാപനത്തിന്/ സ്ഥാപനങ്ങൾക്ക് ഹരിത അവാർഡ്
- സേഫ് പദ്ധതി ഗുണഭോക്താക്കളുടെ ജില്ലാതല സംഗമം

**2025 ഒക്ടോബർ 7**

**ജോബ് ഫെസ്റ്റ്**

- അക്രഡിറ്റഡ് എഞ്ചിനീയർമാർക്കായി ജോബ് ഫെസ്റ്റ് സംഘടിപ്പിക്കണം.
- വകുപ്പിനു കീഴിലെ ഐടിഐ, ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പഠിച്ചിറങ്ങിയവർക്ക് കൂടി ജോബ് ഫെസ്റ്റ് നടത്തുന്ന കാര്യം പരിശോധിക്കണം.
- KDISC/നോളജ് മിഷനുമായി സഹകരിച്ച്, ITI/Polytechnic കഴിഞ്ഞ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത ഓറിയന്റേഷൻ
- ODEPC-മായി സഹകരിച്ച് ജില്ലകളിൽ വിദേശ തൊഴിൽ/വിദ്യാഭ്യാസ ഓറിയന്റേഷൻ പ്രോഗ്രാം നടത്തണം.

**ചെറുകിട വ്യവസായം**

- വ്യവസായ വകുപ്പുമായി സഹകരിച്ച് ഈ മേഖലയിലെ MSME-കളെ ശക്തിപ്പെടുത്തുകയും ബ്ലോക്ക് അടിസ്ഥാനത്തിൽ "പൊതു മാർക്കറ്റ്" ആരംഭിക്കുകയും സംരംഭകത്വദിനം ആചരിക്കുകയും വേണം.
- KDISC-മായി സഹകരിച്ച് സമൃദ്ധി കേരളം പദ്ധതിയുടെ തുടക്കം

**2025 ഒക്ടോബർ 8**

**തൊഴിലുറപ്പ്**

- തൊഴിലുറപ്പുമായി സഹകരിച്ച് ഈ കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ മേഖലകളിൽ പൊതു ആസ്തികൾ നിർമ്മിക്കുന്നതിന്റേയും വിവിധ പ്രവൃത്തികളുടേയും ആരംഭം കുറിക്കുകയും തുടർപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യണം.

**2025 ഒക്ടോബർ 9**

**മഹാത്മ ഗാന്ധി – ശ്രീനാരായണ ഗുരു സമാഗമം**

- മഹാത്മ ഗാന്ധി – ശ്രീനാരായണ ഗുരു സമാഗമത്തിന്റെ നൂറാം വാർഷികം – BCDD

**2025 ഒക്ടോബർ 10**

**വനാവകാശം**

- ഫോറസ്റ്റ് റൈറ്റ് ആക്ട് സംബന്ധിച്ച് ശില്പശാലയുടെ തുടർപ്രവർത്തനം
- ഫോറസ്റ്റ് വില്ലേജ് – റവന്യൂ വില്ലേജ് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ-പ്രഖ്യാപനം

**2025 ഒക്ടോബർ 11**

**പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം**

- ഈ വിഷയം സംബന്ധിച്ച് നിയമ മന്ത്രി, സുപ്രീംകോടതി/ഹൈക്കോടതി ജഡ്ജിമാരെക്കൂടി പങ്കെടുപ്പിച്ച് ദേശീയ ശില്പശാല നടത്തണം.
- ജില്ല ജഡ്ജിമാർ, ജില്ല പോലീസ് മേധാവി എന്നിവരെ പങ്കെടുപ്പിച്ച് ജില്ല പഞ്ചായത്ത് നേതൃത്വത്തിൽ ജില്ലകളിൽ പരിപാടികൾ നടത്തണം.
- ഈ പരിപാടികളിൽ 'ജ്വാല' പദ്ധതിപ്രകാരം നിയമിച്ചിട്ടുള്ളവരെ പങ്കെടുപ്പിക്കണം.

**2025 ഒക്ടോബർ 12**

**ഐശ്വര്യ ഗ്രാമം പദ്ധതി**

- 15ൽ താഴെ കുടുംബങ്ങൾ താമസിക്കുന്ന ഉന്നതികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന ഐശ്വര്യ ഗ്രാമം പദ്ധതി ആരംഭം

**2025 ഒക്ടോബർ 13**

**ദുരന്ത സാധ്യത കുറയ്ക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനം**

- ഉന്നതികളിലെ ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ജില്ലാതല ശില്പശാലയും തുടർപ്രവർത്തനവും

**2025 ഒക്ടോബർ 14**

**സോഷ്യൽ ഓഡിറ്റ്**

- ബ്ലോക്ക് - ജില്ല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ പ്രീമെട്രിക് ഹോസ്റ്റലുകളിൽ സോഷ്യൽ ഓഡിറ്റ് നടത്തണം.

**2025 ഒക്ടോബർ 15**

**സമാപന സമ്മേളനം**

സമാപന സമ്മേളനം - തിരുവനന്തപുരം - ആര്യനാട്